ഉത്തരം

(എ) 87 എണ്ണം.

(ബി) ഇനി 6 ജോലികൾ പൂർത്തിയാക്കാനുണ്ട്. ഇതിൽ മൂന്നെണ്ണം 31.03.2000 ന് മുൻപ് പൂർത്തിയാകും. വസ്തു ഉടമകളുടെ എതിർപ്പ് മൂലവും, വനം വകുപ്പ് അധികൃതർ അനുമതി നൽകാത്തതും മൂലമാണ് ബാക്കി ജോലികൾ പൂർത്തിയാക്കാൻ കഴിയാത്തത്.

92 (1942) വൈദ്യുതി ലൈൻ പൊട്ടി വീണ് മരണപ്പെട്ട ദാമോദരന്റെ കുടുംബത്തിന് ബോർഡു വക സമാശ്വാസ സഹായം.

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണൂർ പഞ്ചായത്തിൽ വില്ലേജ്മാൻ ആയിരുന്ന ശ്രീ. ദാമോദരൻ 11 കെ.വി. ലൈൻ ദേഹത്ത് പൊട്ടിവീണ് മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ അപകടമരണം സംഭവിച്ച നിരാലംബമായ കുടുംബത്തിന് സമാശ്വാസ ധനസഹായം എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അർഹമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമാശ്വാസ സഹായം നൽകുന്നതിന് ബന്ധപ്പെട്ടവർ ഹാജരാക്കേണ്ട രേഖകൾ ഇതുവരെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സഹായം നൽകിയിട്ടില്ല.

(സി) രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

93 (1943) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും മുൻഗണനയോ താരിഫ് നിരക്കിൽ വ്യത്യാസമോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രന്ഥശാലയ്ക്ക് ലഭിച്ചുവന്ന വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻഗണനയില്ല. കേരള ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാര മുള്ള ഗ്രന്ഥശാലകൾക്ക് (2000 വാട്ട് വരെ കണക്ടഡ് ലോഡ് ഉള്ളവ) ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി വരുന്ന വൈദ്യുതി നിരക്കാണ് അനുവദിച്ചിട്ടുള്ളത്. കണക്ടഡ് ലോഡ് 2000 വാട്ടിന് മുകളിലുള്ളവയ്ക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എൽ.റ്റി. 6 എ താരിഫാണ് ബാധകമായിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രതിമാസ ഉപഭോഗം (യൂണിറ്റ്)	5.5.1999-നുശേഷം നിലവിലുള്ള നിരക്ക് (പൈസ യൂണിറ്റിന്)
40 വരെ	105
41-80 വരെ	150
81-120 വരെ	165
121-150 വരെ	195
151-200 വരെ	245
201-300 വരെ	325
301-ന് മുകളിൽ	425

(ബി)&(സി) വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ, ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം പഞ്ചായത്തതിർത്തിയ്ക്കകത്തുള്ളവയ്ക്കും, പുറത്തു ള്ളവയ്ക്കും, കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ഉള്ളവയ്ക്കും ഇല്ലാത്തവയ്ക്കും ഗാർഹികേതര നിരക്കിൽ നിന്നും മാറ്റി കുറഞ്ഞ ഏകീകൃത നിരക്ക് കൊണ്ടുവന്നിട്ടുണ്ട്.

94 (1948) ഇലക്ട്രിസിറ്റി ബോർഡിലെ ഒഴിവുകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ വിവിധ സെക്ഷനുകളിലായി ഏതെല്ലാം ഒഴിവുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാ ക്കാമോ;

(ബി) ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly